**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1745** **20-06-2024 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി തഴവ ഗവണ്മെൻറ് കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ തഴവ ഗവണ്മെൻറ് കോളേജിന് കിഫ്ബി വഴി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും ഭരണാനുമതി നൽകിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (എ) | **13/11/2017 ലെ സർക്കാർ ഉത്തരവ് പ്രകാരം കരുനാഗപ്പള്ളി കോളേജിനെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും 18/06/2020 ലെ സർക്കാർ ഉത്തരവ് പ്രകാരം Rs.13,82,60,153/- രൂപയുടെ ഭരണാനുമതിയും ലഭിച്ചു. എന്നാൽ ഗൃഹ മാനദണ്ഡപ്രകാരമുള്ള മാറ്റങ്ങൾ വരുത്തി പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ച പുതുക്കിയ പദ്ധതി രൂപരേഖ പരിശോധിച്ച് 173013477/- രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതി 17.04.2024 ലെ ഉത്തരവ് പ്രകാരം കിഫ്ബി ലഭ്യമാക്കിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | **പദ്ധതി നിർവ്വഹണ ഏജൻസിയുടെ സാങ്കേതിക അനുമതി കമ്മിറ്റിയാണ് ടി പ്രവർത്തിയ്ക്ക് സാങ്കേതിക അനുമതി നൽകേണ്ടത്. 14/06/2024 സർക്കാർ ഉത്തരവ് പ്രകാരം പുതിയ സാങ്കേതിക അനുമതി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സാങ്കേതിക അനുമതി കമ്മിറ്റിയുടെ യോഗം ചേർന്ന് അനുമതി ലഭ്യമായ ശേഷം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഏകദേശം 2024 സെപ്റ്റംബർ മാസത്തോടെ നിർമ്മാണ പ്രവർത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ KITCO അറിയിച്ചിട്ടുണ്ട്.** |
| (സി) | കാലതാമസം വരുത്താതെ എത്രയും വേഗം സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | മറുപടി ബി പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; കാലതാമസം കൂടാതെ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | മറുപടി ബി പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ